ഒഴിവുകൾ നികത്താൻ നടപടി

31 (32) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക്, അതേ തസ്തികയിൽ നിലവിൽ ഒഴിവുകൾ ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

സ്പെഷ്യൽ റിക്രൂട്ട്മെന്റിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്കു മാത്രമായി തെരഞ്ഞെടുപ്പ് പൂർത്തിയായി പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ ജനറൽ റിക്രൂട്ട്മെന്റിന്റെ ഒഴിവുകളിലേക്ക് പരിഗണിക്കുവാൻ സാധിക്കുകയില്ല. അതിനു വ്യവസ്ഥയുമില്ല.

ആശ്രിതർക്കുള്ള നിയമനത്തിന് കോമൺ പൂൾ ഏർപ്പെടുത്തുവാൻ നടപടി

32 (33) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള ജോലി അതാത് വകുപ്പുകളിലായി പരിമിതപ്പെടുത്തുന്നതിനാൽ വിദ്യാഭ്യാസം, ആരോഗ്യം, പോലീസ് തുടങ്ങിയ വകുപ്പുകളിൽ ആശ്രിതർക്ക് ജോലി ലഭിക്കാൻ വർഷങ്ങളോളം കാത്തിരിക്കേണ്ടിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരമായി ആശ്രിതനിയമനത്തിന് ഒരു കോമൺ പൂൾ ഉണ്ടാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ജനറൽ കാറ്റഗറിയിൽപ്പെട്ട തസ്തികകളിലേക്കുള്ള നിയമനം മാത്രമേ അതത് വകുപ്പുകളിലായി പരിമിതപ്പെടുത്തിയിട്ടുള്ളൂ. ഇതിൽ എൽ.ഡി. ക്ലാർക്ക് നിയമനത്തിന് അപേക്ഷകരുടെ എണ്ണം കൂടുതലായതിനാൽ ചില വകുപ്പുകളിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

എച്ച്.എസ്.എ. മലയാളം പി.എസ്.സി. ലിസ്റ്റ്

33 (34) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ എച്ച്.എസ്.എ. മലയാളം പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly